# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1367

03.12.2015-ൽ മറുപടിക്ക്

## ചേലമാന്നൂർ ഗവ.യു.പി.സ്കൂൾ അപ്ഗ്രഡേഷൻ

**ചോദ്യം**

**ശ്രീ.ജി.എസ്.ജയലാൽ**

**ഉത്തരം**

**ശ്രീ.അനൂപ് ജേക്കബ്**
**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

| ചോദ്യം | ഉത്തരം |
|---|---|
| എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചേലമാന്നൂർ ഗവ.യു.പി.സ്കൂൾ അപ്ഗ്രേഡ് ചെയ്യുന്നതിലേയ്ക്കായി 3 ഏക്കർ ഭൂമി പൊതുജനങ്ങൾ വാങ്ങി സർക്കാരിലേയ്ക്ക് കൈമാറുവാൻ തീരുമാനിക്കുകയും പ്രസ്തുത ഭൂമി കൈമാറ്റം ചെയ്യുമ്പോൾ സ്റ്റാമ്പ് ഡ്യൂട്ടിയും രജിസ്ട്രേഷൻ ഫീസും ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട് ബന്ധപ്പെട്ടവർ നൽകിയ അപേക്ഷ ലഭിച്ചിരുന്നുവോ; ആയതിന്മേൽ സ്വീകരിച്ച നടപടികളും പുരോഗതിയും വിശദമാക്കുമോ; | എ) & ബി) ലഭിച്ചിരുന്നു. കേരള മുദ്രപത്ര നിയമം 3-ാം വകുപ്പിന്റെ 1-ാം ഒഴിവ് പ്രകാരം, കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി നൽകേണ്ടതില്ലാത്തതിനാൽ ടി ആധാരം രജിസ്റ്റർ ചെയ്യുന്നതിന് സ്റ്റാമ്പ് ഡ്യൂട്ടിയുടെ ആവശ്യമില്ലാത്തതാണ്. ടി അപേക്ഷ പരിഗണിച്ച് സർക്കാരിന്റെ 12.01.2015 തീയതിയിലെ G.O.(P)8/2015/TD നമ്പർ ഉത്തരവ് മുഖേന രജിസ്ട്രേഷൻ ഫീസ് ഇളവ് അനുവദിച്ചിട്ടുള്ളതുമാണ്. |
| ബി) പ്രാദേശികമായി നിലവിലുള്ള ഭൂമിവില കണക്കാക്കുമ്പോൾ പൊതുജനങ്ങൾ ഏറ്റെടുക്കുന്ന പ്രസ്തുത പൊതു കൂട്ടായ്മ പൂർത്തീകരിക്കുന്നതിലേയ്ക്ക് അനുകൂല ഉത്തരവ് നൽകി സഹായിക്കുവാൻ സന്നദ്ധമാകുമോയെന്ന് വിശദമാക്കുമോ? | കേരള ഗവർണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന ആധാരങ്ങൾക്ക്, കേരള മുദ്രപത്ര നിയമം 3-ാം വകുപ്പിന്റെ 1-ാം ഒഴിവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കുന്നുണ്ട്. 17.11.2015 തീയതിയിലെ G.O.(P) 201/2015/TD നമ്പർ ഉത്തരവ് മുഖേന, കേരള ഗവർണ്ണറുടെ പേരിൽ രജിസ്റ്റർ ചെയ്യുന്ന എല്ലാ ആധാരങ്ങൾക്കും രജിസ്ട്രേഷൻ ഫീസിളവ് പൊതുവായി അനുവദിച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ